



# DIGITAL MAGAZINE

## LITTLE KITES

### Govt.JanathaHSS NADUVATTAM,PATTAMBI,PALAKKAD

# Message



**Sri M.V.Anilkumar**

**PTA PRESIDENT**

GJHSS NADUVATTAM

**ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു.**

**കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് മാഗസിൻ ഉപകാരപ്രദമാകും എന്ന്**

**ഉറപ്പാണ്**

# Message



**Sri TM Vikraman**

**Headmaster,G.J.H.S.S.Naduvattam**

GJHSS NADUVATTAM

**ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനു ഇത്തരം മാഗസിനുകൾ സഹായകരമാണ്**

## MESSAGE




**SHAMSUDHEEN K K**

**SITC GJHSS NADUVATTAM**

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ അവരുടെ കഠിനപ്രയത്ന ഫലമായിട്ടാണ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിട്ടുള്ളത് .അവരുടെ പ്രയത്നത്തിന് എല്ലാവിധ ആശംസകളും നേരുന്നു .ഇത്തരം മാഗസിനുകൾ ഇനിയും അവർക്ക് പ്രസിദ്ധീകരിക്കാൻ കഴിയട്ടെ എന്ന് എന്ന് ആശംസിക്കുന്നു.

GJHSS NADUVATTAM

## MESSAGE



**DHANYA K S**

**KITE MISTRESS**

വർത്തമാനകാലത്ത് ഡിജിറ്റൽ മാഗസിന് വളരെയേറെ പ്രസക്തിയുണ്ട് .ഇത്തരമൊരു മാഗസിൻ ജനത ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ  കൈറ്റ്സ്  വിദ്യാർത്ഥികൾ ഏറ്റെടുത്തു നടത്തുന്നു എന്ന് പറയുന്നതിൽ വളരെയധികം സന്തോഷമുണ്ട്. എല്ലാവിധ ആശംസകളും നേരുന്നു

GJHSS NADUVATTAM

# ആമുഖം

കുട്ടികളുടെ സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു വായനക്കാരിലേക്ക് എത്തിക്കുന്നതിനും വേണ്ടിയാണ് ഗവൺമെൻറ് ജനത ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ ഒരുക്കിയിട്ടുള്ള

ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെ കഥകൾ കവിതകൾ അവർ

വരച്ച ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട് . ഡിജിറ്റൽ മാഗസിൻ പുതിയ അനുഭവമായി മാറും എന്നത് ഉറപ്പാണ്. വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് മറ്റുള്ളവരിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുമെന്നുള്ളതാണ് ഏറ്റവും വലിയ മേന്മ .ആധുനിക കാലഘട്ടത്തിൽപുസ്തക വായന കുറയുകയും വിവിധ സാമൂഹിക മാധ്യമങ്ങളിൽ വരുന്ന കഥകളും കവിതകളും ഇഷ്ടപ്പെടുകയും ചെയ്യുന്ന വായനക്കാരാണ് കൂടുതൽ . ഇത്തരം വായനക്കാരിലേക്ക് സാഹിത്യരചനകൾ എത്തിക്കുന്നതിനുള്ള ഒരു ചെറിയ തുടക്കമാണ് ഡിജിറ്റൽ മാഗസിനിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്.

## INDEX


| SUBJECT | PAGE NUMBER |
|---|---|
| മികവുകൾ | 3 |
| MOBILE , COMPUTER | 5 |
| KEYBOARD | 6 |
| LIBERTY | 7 |
| സ്കൂളിലെ കർത്തവ്യങ്ങൾ | 8 |
| സ്കൂളിലെ അവകാശങ്ങൾ | 9 |
| കൊട്ടുമുടിക്കാഴ്ചകൾ | 11 |
| വാണിങ് ബെൽ | 12 |
| മരട് എന്ന കരട് | 14 |
| മതിലുകൾ | 15 |
| വൈക്കം മുഹമ്മദ് ബഷീർ | 16 |
| ലോകത്ത് ഏറ്റവും വലുത് | 17 |
| കൂനൻ തിമിംഗലം | 18 |
| ശുക്രൻ | 19 |
| ശാസ്ത്രജ്ഞന്മാർ,കണ്ടുപിടുത്തങ്ങൾ | 20 |
| കാലാവസ്ഥാ വ്യതിയാനം | 21 |
| കാൽപന്തിന്റെ രാജാവ് | 22 |

# മികവുകൾ




BHARATHAMATHA HR SEC SCHOOL
PALAKKAD
Shot on realme 3 Pro
By kondhu


അഭിനന്ദനങ്ങൾ
2020 ജനുവരി 12 മുതൽ 16 വരെ
ഉത്തർപ്രദേശിലെ ലഖ്നോവിൽ വെച്ചു നടന്ന
നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ
കേരളത്തെ പ്രതിനിധീകരിച്ച്
ഓടക്കുഴൽ മത്സരത്തിൽ രണ്ടാം സ്ഥാനം
കരസ്ഥമാക്കി.
ആദിത്യകൃഷ്ണൻ.ടി.എൻ
ഗവ:ജനത H.S.S.നടുവട്ടം
പ്ലസ്ടു സയൻസ് വിദ്യാർത്ഥി
PTA, ഗവ: ജനത H.S.S. നടുവട്ടം






SHOT ON REDMI Y3
AI DUAL CAMERA










SHOT ON REDMI Y3
AI DUAL CAMERA


SHOT ON REDMI Y3
AI DUAL CAMERA





## MOBILE

M-mode

O-of

B-being

I-isolated

L-lonely but

E-entertained



## COMPUTER

C-commonly

O-operated

M-machine

P-particularly

U-used for

T-training

E-education

R-research



# KEYBOARD

K-keys

E-electronic

Y-yet

B-board

O-operating

A-a to z

R-response

D-directly



**SHAHANA 9B**



SHAHANA 9B

# LIBERTY



French sculptor Frederic August Bartholin, in Collaboration with Ga stave Eiffel, Constructed the STATUE OF LIBERTY in Paris The Monument to liberty was a gift from France on the centenary of American independence in 1886. Gustav Eiffel was responsible for the steel frame work of the statute.

The Monument,a 151-foot statue of lady holding a book and a torch on-high, stands tall at the entry point to New York Harbour welcome millions of immigrants to the US.

SHAHANA 9B

# <u>സ്കൂളിലെ കർത്തവ്യങ്ങൾ</u>



**NIVED.V.T 9B**

1) മറ്റുള്ളവരോട് ആദരവ് കാണിക്കുക

2) പ്രസിദ്ധീകരിച്ച സ്കൂൾ പെരുമാറ്റച്ചട്ടം അനുസരിച്ച് പെരുമാറുക



3) അഭാവത്തിന് നല്ല കാരണമില്ലെങ്കിൽ സ്കൂളിൽ ചേരുക

4) സ്കൂളുകളിലും ക്ലാസുകളിലും കൃത്യസമയത്ത് എത്തിച്ചേരുക

5) ആവശ്യമായ സാധനങ്ങൾ ക്ലാസിൽ കൊണ്ടു വരുക

6) സ്കൂൾ കെട്ടിടങ്ങും ഉപകരണങ്ങളും ശ്രദ്ധിക്കുക

7) അധ്യാപകരോട് തർക്കിക്കാതിരിക്കുക

## സ്കൂളിലെ അവകാശങ്ങൾ

*     ഇന്ത്യയിലെ എല്ലാ പൗരനും വിദ്യാഭ്യാസം നേടുന്നതിനുള്ള അവകാശം     ഭരണഘടനയിൽ പ്രതിപാതിക്കുന്നുണ്ട്.

*     പ്രാഥമിക വിദ്യാഭ്യാസം തികച്ചും സൗജന്യമായിരിക്കണം.

*     ഓരോ സ്കൂളിൽ നിന്നും എല്ലാ കുട്ടികൾക്കും ശ്രദ്ദയോടെയുള്ള പരിചരണം.



*     കുട്ടികൾക്കായി ചൈൽഡ് ലൈൻ.

*     കുട്ടികൾക്ക് പഠനത്തിനാവശ്യമായ  അടിസ്ഥാനസൗകര്യങ്ങൾ.

*     പൊതുവിജ്ഞാനം കൂടുതൽ അറിയാനുള്ള അവകാശം.

*     വിദ്യാഭ്യാസം കൂടാതെ സംസ്കാരം, പൈതൃകം എന്നിവയെക്കുറിച്ചുള്ള പഠനം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കൽ കുട്ടികളുടെ അവകാശമാണ്.

*     വിദ്യാഭ്യാസത്തിന്റെ ഉത്തമമാതൃകകളെ കുറിച്ചുള്ള വിവരങ്ങൾ ലഭിക്കാൻ സഹായിക്കൽ.

* വിദ്യാഭ്യാസത്തെ കുറിച്ചും പുതിയ തരം വിദ്യാഭ്യാസരീതികളെകുറിച്ചും ഉള്ള

വിവരങ്ങൾ ലഭ്യമാക്കുവാൻ കുട്ടികൾക്ക് ഓൺലൈൻ സേവനം നൽകൽ.

* കുട്ടികൾക്ക് പഠനത്തിനായി വിവിധ തരത്തിലുള്ള ഡിജിറ്റൽ പഠന

വിഭവങ്ങൾ ഒരുക്കിക്കൊടുക്കുക.

* എല്ലാ കുട്ടികൾക്കും തുല്യ പരിഗണന നൽകൽ.

* സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന്.

* കുട്ടികൾക്ക് ആവശ്യമുള്ള വിവരങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്യുക.

* സ്റ്റാഫും മറ്റ് വിദ്യാർത്ഥികളും ബഹുമാനത്തോടെ പരിഗണിക്കണം.

* അവരുടെ വ്യക്തിത്വം ,കഴിവുകൾ , മാനസികവും ശാരീരികവുമായ കഴിവുകൾ എന്നിവ അവരുടെ പരമാവധി കഴിവനുസരിച്ച് വികസിപ്പിക്കാനുള്ള അവസരം നൽകുന്നതിന്.

* ഭാവിയിലെ പഠനവുമായി ബന്ധപ്പെട്ട തീരുമാനങ്ങളെ കുറിച്ചും സ്കൂൾ പെരുമാറ്റച്ചട്ടത്തിന്റെ വികസനത്തെകുറിച്ചും അവലോകനത്തെ കുറിച്ചും ആലോചിക്കണം.

# കൊട്ടമുടിക്കാഴ്ചകൾ



PAVITHRA OT

ഡോ കള്ളത്താടീ ! ക്രിസ്തുമസ് കഴിഞ്ഞു.താനിനീം പോയില്ലേ? ചോദ്യം കേട്ട് വഴിയരികിലെ മൈൽക്കുറ്റിമേൽ വിഷാദിച്ചിരുന്നയാൾ തലയുയർത്തി നോക്കി .വലിയ വയറാണാദ്യംകണ്ണിൽപ്പെട്ടത്.ഒന്നും പറയെണ്ടെന്റെ വയറാ ഞാൻവന്ന വണ്ടി മൃഗസംരക്ഷണക്കാര് പിടിച്ചോണ്ട് പോയി.കേസിൽ കുടുങ്ങുന്നേനു മുൻപ് പെട്ടീം സമ്മാനോം ഇട്ട് ഒരു വിധത്തിൽ ഞാനൂരിപ്പോന്നു.പതിയെ ഇരുവരും നടന്നിറങ്ങി.അല്ലാ!ഓണം  വരുന്നേനു മുൻപ് താനെന്തിനിറങ്ങി.താടിക്കാരൻ സംശയത്തോടെ ചോദിച്ചു.ഒരു പൊട്ടിച്ചിരിയായിരുന്നു ഉത്തരം .ശേഷം പറഞ്ഞു.വെള്ളപ്പൊക്കത്തിനുമുൻപ് നാടുകാണാമെന്നു വെച്ചു.രണ്ടുകൊല്ലം  അക്കിടി പറ്റിയതാ.ഇക്കൊല്ലം നേരത്തേ എഴുന്നള്ളാമെന്നു വെച്ചു.ഇരുവരും പൊട്ടിച്ചിരിക്കുമ്പോൾ കുലുങ്ങുന്ന വയറിനും വെള്ളത്താടിക്കും കാണാൻ നല്ല രസം

## വാണിങ്ബെൽ





പതിവ് പോലെ അന്നും സ്കൂൾ വിട്ട് വീട്ടിലെത്തിയപ്പോൾ ഒരു വിധമായിരുന്നു,പിന്നാലെ സമയവും.ഉമ്മറപ്പടി കാണാനില്ലാത്ത ഞങ്ങളുടെ കൊട്ടാരത്തിലേക്ക്      കാലെടുത്തു വെക്കുമ്പോൾ അൽപം മാറി മണ്ണിലുറച്ച ആ പടുകൂറ്റൻ ഗോപുരത്തെ നോക്കി ഞാനൊരു പ്രതിജ്ഞയെടുക്കും -`വല്യേതായ ഞാനും ഇതേ പോലാവും...മറ്റുള്ളോരെ മുമ്പിൽ തലയുയർത്തി നിക്കും...' ഇതൊരു പതിവായിരുന്നു, വീട്ടിനുള്ളിൽ കയറും വരെയെങ്കിലും.  അന്നെന്തോ അച്ചന്റെയും അമ്മയുടെയും മുഖത്ത് വല്ലാത്തൊരു ആശ്ചര്യത്തോടെയുള്ള അന്ധാളിപ്പ്.കാര്യം അറിയാൻ എനിക്കും വല്ലാത്ത തിരക്ക്.എന്റെ അന്തം വിടൽ കണ്ടിട്ടാകണം ചോദ്യത്തിനു മുന്നേ ഉത്തരം വന്നു.`ടാ..കുട്ടാ..അതേതാണ്ടേങ്ങോ പൊളിക്കാൻ പോവാന്ന്..'അമ്മയുടെ കൈചൂണ്ടിയ ഭാഗത്ത് ഒരുമൂലയിൽ ഒരു പാവം മുക്കാലൻ കസേര.`അത് പൊളിഞ്ഞതല്ല്യോ....? വേണ്ടാന്ന് വച്ചാ അച്ചനെ ഞാൻ തന്നെ കളത്തിലിറക്കി.`അതല്ലടാ ചെർക്കാ അപ്പറത്തെ ഫ്ളാറ്റ്....'നേരത്തെ വിട്ട അന്തം എന്നിൽ തിരിച്ചെത്തിയതോടെ ഞാൻ ആകെ ഞെട്ടി. ഉടനടി പുറത്തേക്ക് ഓടി. അല്പം മുമ്പ് വരെ ഒരു പ്രത്യേകതരം ചിരിയോടെ ഗമയിൽ തലയെടുപ്പോടെ നിലകൊണ്ട ആ അൽഭുതം ഇപ്പോൾ തേങ്ങിക്കരഞ്ഞ് സഹതാപത്തിന്റെ പ്രതിരൂപമായി മാറിയ പോലെ തോന്നി. പിന്നാലെ അവരോട് ഞാൻ വീണ്ടും ആരാഞ്ഞു ' അതിനിപ്പോ നമുക്കെന്താണ്....?' 'എടാ പൊട്ടാ...JCB വന്ന് മാന്തി മറിക്ക്ണതല്ല,ബോംബ് വെക്ക്യാത്രേ. അത് പൊട്ട്ണ ഒച്ചയിൽ തന്നെ നമ്മടെ പൊര ഇല്ല്യാണ്ടാകും, പിന്നെ നമ്മൾ......' പൂർത്തിയാക്കാൻ അച്ചന് കഴിഞ്ഞില്ല.ഞാനാകട്ടെ നിർബന്ധിച്ചതുമില്ല.പിന്നീടമ്മയും പറഞ്ഞു.അല്ലേലും ഇവന്മാരെന്തിനാ ഈ കായലിന്റെ വക്കത്ത് കെട്ടിപ്പൊക്ക്യേ....'അപ്പഴാ കാരണം ശരിക്ക് എനിക്കും ഓടിയത് പൊട്ടിത്തെറിക്കുന്നത് കാണാനുള്ള ജിജ്ഞാസ കൊണ്ട് ദിവസങ്ങൾ പെട്ടെന്ന് പോവാൻ ഞാൻ വല്ലാതങ്ങ് ആഗ്രഹിച്ചു.പക്ഷെ ആ ഗോപുരത്തിന്റെ മ്ലാനതയാർന്ന മുഖം ഓർമയിൽ വരും. താൽകാലികമായി കാണണമെന്നുള്ള നിലപാടും ഞാൻ മാറ്റിവക്കും.ദിവസങ്ങൾ ഓരോന്നായി കഴിഞ്ഞു പോകുമ്പോൾ അതിന്റെ മുഖം വാടിക്കൊണ്ടിരുന്നു.വധശിക്ഷക്ക് വിധിക്കപ്പെട്ട കുറ്റവാളിയെ പോലെ    നിമിഷങ്ങൾക്കകം വേരറ്റുപോകാൻ കാത്തിരിക്കുന്ന അതിന്റെ ചുറ്റും പലരും പലവട്ടം വന്നുപോയി ,ചിലപ്പോഴൊക്കെ ഞങ്ങടെ വീട്ടിലും.പിന്നെ ഞങ്ങൾ

കുറച്ചപ്പുറത്തുള്ള കൊച്ചച്ഛന്റെ ടിവി ഉള്ള വീട്ടിലേക്ക് മാറി.അതാവുമ്പം കാണാൻ നല്ല സൗകര്യവും.പെട്ടെന്ന് ഇരുചെവികളെയും തുളക്കുന്ന ഒരു ഇരമ്പൽ ,പിന്നീട് അതിന്റെ പേര് 'സൈറൺ' എന്നാണെന്ന് ഞാൻ മനസ്സിലാക്കി.ഉടനെ ഒരുഗ്രൻ ശബ്ദത്തോടെ ആ വൻഗോപുരം നിലം പൊത്തി ,ഒരു ചീട്ടു കൊട്ടാരം പോലെ.ആളുകളുടെ ഒച്ചപ്പാടും ഫ്ലാറ്റിന്റെ ചിതാഭസ്മവും അന്തരീക്ഷത്തെ സമ്പന്നമാക്കി. അത് പൊട്ടിത്തെറിച്ചത് ഒരിക്കലും ഒരു ഭീരുവിനെ പോലെയായിരുന്നില്ല ,നെഞ്ചും വിരിച്ച്.. ഒരു ചാവേറിനെ പോലെ..പിറകിൽ നിന്നും അച്ഛന്റെ ഒച്ച : "അല്ല..! നമ്മടെ പൊര...? "

**MUHAMMED JIYAD E**

**IX-B**



RIJISHA 9B

## മരട് എന്ന കരട്

കെട്ടുന്നവനോ  കെട്ടിപൊക്കിയവനോ
അറിഞ്ഞില്ലത്രേ
ആയുസ്  പകുതിയെന്ന്......
പിന്നടെപ്പോഴോ  തിരിച്ചറിയാൻ
വക്കിലെത്തിയൊരു  കൂട്ടർ
ആയുർരേഖ  മാറ്റി  കുറിച്ചുവെത്രേ
നിലയും  നിലവും  നോക്കാതയത്രേ
കെട്ടിപ്പടുത്തിയുയർത്തിയത്
നെഞ്ജകം  വിങ്ങും  തേങ്ങലോടെ
പടിയിറങ്ങിയ  ആയിരങ്ങൾ
കണ്ണിമ  വെട്ടാതെ നോക്കിനിൽപ്പൂ
അന്ത്യവിശ്രമത്തിൽ  ഇടവേളയിൽ



## മതിലുകൾ

SHAHALA 9B

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്ത നോവലുകളിലൊന്നാണ് മതിലുകൾ.ഇതിലെ നായകൻ ബഷീർ തന്നെയാണ്.


ബ്രിട്ടീഷുകാർക്കെതിരെ എഴുതിയെന്ന കുറ്റത്തിന് ബഷീർ ജയിലിലെത്തുന്നു.നല്ലവനായ ബഷീർ പെട്ടെന്ന് തന്നെ അവിടെയുള്ള എല്ലാവരരോടും കൂട്ടുകൂടി.ഒരു ദിവസം ബഷീർ സ്ത്രീകളുടെ ജയിലിൽ നിന്നും ഒരു സ്ത്രീയുടെ ശബ്ദം കേട്ടു.ആ സ്ത്രീയുടെ പേര് നാരായണി എന്നായിരുന്നു.മതിലിനപ്പുറവും ഇപ്പുറവും നിന്ന് അവർ പരിചയപ്പെടുകയും ക്രമേണ പരസ്പരം അവർ പ്രണയത്തിലൽ ആവുകയും ചെയ്യുന്നു.കാണാതെ പരസ്പരം സമ്മാനങ്ങളും കൈമാറിയിരുന്നു.നാരായണി പരസ്പരം കാണാനുള്ള വഴി ചിന്തിച്ചു.ജയിലിനോടനുബന്ധിച്ചുള്ള ആശുപത്രിയിൽ വെച്ച് കണ്ടുമുട്ടാമെന്നായിരുന്നു നാരായണിയുടെ പദ്ധതി.പരസ്പരം കാണാമെന്ന് ബഷീർ കാത്തിരിക്കുന്ന അവസരത്തിലാണ് താൻ അതിന് മുമ്പ് തന്നെ മോചിതനാകുമെന്നറിഞ്ഞത്.അദ്ധേഹം കൊതിച്ചിരുന്ന മോചനം വേണ്ട എന്ന് ബഷീറിന് തോന്നുന്നു.

നാരായണിയും ബഷീറും വ്യത്യസ്ത ജയിലുകളിലാണെങ്കിലും അവരരുടെ പ്രേമത്തിന് ഒരു ഭംഗവും വരുത്തിയിരുന്നില്ല.



## വൈക്കം മുഹമ്മദ് ബഷീർ

ADARSH PK 9B



പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യ സമരപോരാളിയും. 1908 ജനവരി 21-ന് തലയോലപ്പറമ്പിൽ ജനിച്ചു. വൈക്കംമുഹമ്മദ് ബഷീർ ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെട്ടിരുന്നു. 1930-ൽ കോഴിക്കോട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി.

'ഉജ്ജീവനം' എന്ന പത്രത്തിലെഴുതിയ ലേഖനങ്ങളാണ് ആദ്യകാലകൃതികൾ.

1982-ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. കേന്ദ്രസാഹിത്യ അക്കാദമി കേരളസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്,ലളിതാംബിക അന്തർജനം അവാർഡ് (1992),മുട്ടത്തുവർക്കി അവാർഡ് (1993),വള്ളത്തോൾ പുരസ്കാരം (1993)എന്നീബഹുമതികള് ലഭിച്ചിട്ടുണ്ട്.

പ്രേമലേഖനം,ബാല്യകാലസഖി,ന്റുപ്പുപ്പാക്കൊരാനേണ്ടായിരുന്ന്,ആനവാരിയും പൊൻ കുരിശും, പാത്തുമ്മയുടെ ആട്, മതിലുകൾ, ഭൂമിയുടെഅവകാശികൾ, ശബ്ദങ്ങൾ, വിശ്വവിഖ്യാതമായ മൂക്ക് എന്നിവയാണ് പ്രധാനകൃതികൾ.

## ലോകത്ത് ഏറ്റവും വലുത്



.ഉപദ്വീപ് - ഇന്ത്യ

.വലിയ ഭൂഖണ്ഡം - ഏഷ്യ

.രാജ്യം - റഷ്യ

.നദി - നൈൽ

**HIBA 9A**

.പക്ഷി -ഒട്ടകപ്പക്ഷി

.സമുദ്രം - പസഫിക്

.മരുഭൂമി -സഹാറ

.പുഷ്പം - റഫ്ളീഷ്യ

.കര ജന്തു -ആഫ്രിക്കൻ ആന

.മതിൽ -ചൈനയിലെ വൻ മതിൽ

.ഉയർന്ന കൊടുമുടി -എവറസ്റ്റ്

.ഫലം - ചക്ക

.ജല ജന്തു - നീല തിമിംഗലം

.ഏറ്റവും വലിയനദീതടം - ആമസോൺ





## ക്കുനൻ തിമിംഗലം



50 അടിവെര നീളവും 36000 കിലോഗ്രാം വരെ ഭാരവുമുള്ള ഇവയ്ക്ക് ജലോപരിതലത്തിൽ വളരെ അനായാസമായി മലക്കം മറിയാൻ കഴിയും, വലിയ കൂട്ടങ്ങളായ സഞ്ചരിക്കാനിഷ്ടപ്പെടുന്ന ഇവയെ മനുഷ്യർ എണ്ണയ്ക്കും ഇറച്ചിയ്ക്കും വേണ്ടി ധാരാളമായി കൊന്നൊടുക്കാറുണ്ട്. ക്രില്ലുകളും ചെറിയ മീനുകളുമാണിവയുടെ ഇഷ്ടഭക്ഷണങ്ങൾ.

വലിയ തലയും 5 മീറ്ററോളം നീളത്തിൽ വളരുന്ന വലിയ തുഴപോലുള്ള ചിറകുകളും ഇവയുടെ മറ്റു പ്രത്യേനകതകളാണ്. പ്രത്യേക ഈണത്തിൽ അര മണിക്കൂറോളം തുടർച്ചയായി ശബ്ദമുണ്ടാക്കുന്നതും കൂനൻ തിമിംഗലങ്ങളുടെ പ്രത്യേകതയാണ്. അറബിക്കടലിലും ഇവയെ കാണാൻ കഴിയും. ഓരോ വർഷവും 25000 കിലോമീറ്ററിലധികം ദൂരം ദേശാടനം നടത്തുന്ന സ്വഭാവവും



AFLAH MUHAMMED.P 9B

## ശുക്രൻ

സൂര്യനിൽ നിന്നുള്ള ദൂരം മാനദണ്ഡമാക്കിയാൽ സൗരയൂഥത്തിലെ രണ്ടാമത്തെ ഗ്രഹമാണ് ശുക്രൻ. വലുപ്പം കൊണ്ട് ആറാം സ്ഥാനവും.

224.7 ഭൗമദിനങ്ങൾ കൊണ്ടാണ് ഈ ഗ്രഹം സൂര്യനെ ഒരു തവണ

പരിക്രമണം ചെയ്യുന്നത്.പാറഗ്രഹങ്ങളുടെ ഗണത്തിൽ പെടുത്തിയിരിക്കുന്ന ഇതിനെ ഭൂമിയുടെ 'സഹോദരഗ്രഹം' എന്നും വിളിക്കാറുണ്ട്. വലിപ്പം, ഗുരുത്വാകർഷണ ശക്തി, മൊത്തത്തിലുള്ള പദാർത്ഥ ഘടകങ്ങൾ

എന്നിവയിലെ സാമ്യം കാരണമാണിത്. അതാര്യവും പ്രകാശത്തെ നന്നായി പ്രതിഫലിപ്പിക്കുന്നതുമായ സൾഫ്യൂരിക് അമ്ളത്തിന്റെ മേഘങ്ങളാൽ പൊതിയപ്പെട്ടിരിക്കുകയാണ് ശുക്രൻ. ഇതുകാരണം ബഹിരാകാശത്തു നിന്നും ദൃശ്യപ്രകാശത്താൽ ഗ്രഹത്തിന്റെ ഉപരിതല വീക്ഷണം അസാധ്യമാണ്. സൂര്യോദയത്തിന് അല്പം മുമ്പും സൂര്യാസ്തമയത്തിന് അല്പം

ശേഷവും ആണ് ശുക്രൻ ഏറ്റവും തിളക്കമുള്ളതായി കാണപ്പെടുക. ഇത് കാരണമായി ഇതിനെ പ്രഭാതനക്ഷത്രം എന്നും സന്ധ്യാനക്ഷത്രം എന്നും

വിളിക്കുന്നു. റോമൻ സൗന്ദര്യ ദേവതയായ വീനസിന്റെ പേരാണ് ഇംഗ്ളീഷുകാർ ഇതിന് കൊടുത്തിരിക്കുന്നത്. മഗല്ലൻ സംരംഭം വഴി 1990-91

കാലത്താണ് ശുക്രന്റെ ഉപരിതലത്തെ അവസാനമായി മാപനത്തിനു

വിധേയമാക്കിയത്. വലിയ തോതിലുള്ള അഗ്നിപർവതങ്ങളുടെ സാന്നിധ്യം

ഉണ്ട് എന്നതിന് തെളിവ് ലഭിച്ചിട്ടുണ്ട്. അടുത്തകാലത്ത് അഗ്നിപർവത പ്രവർത്തനങ്ങൾ നടന്നതിന്റെ തെളിവാണ് അന്തരീക്ഷത്തിലെ സൾഫറിന്റെ

സാന്നിധ്യമെന്ന് കരുതപ്പെടുന്നു.



## ശാസ്ത്രജ്ഞന്മാർ,കണ്ടുപിടുത്തങ്ങൾ

**ലൂയി പാസ്റ്റർ** – പേപ്പട്ടി വിഷയത്തിന് ആദ്യമായി ഫലപ്രദമായ മരുന്ന് കണ്ടെത്തിയ ലൂയി പാസ്റ്റർ ഒരു രസതന്ത്രജ്ഞനാണ്.വ്യവസായരംഗം,മെഡിക്കൽ രംഗം തുടങ്ങിയ പല മേഖലകളിലും അദ്ദേഹം ധാരാളം സംഭാവനകൾ നൽകി.

**ലിയാനാർഡോ ക്ലീൻറോക്ക് , വിന്റൺ സെർഫ്** – വിവിധ കംപ്യൂട്ടറുകൾ ആശയവിനിമയം നടത്തുവാനുള്ള ഒരു സംവിധാനമാണ് ഇന്റർനെറ്റ്.ഇതുവഴി വിവരങ്ങൾ ശേഖരിക്കുവാനും അവ കൈമാറ്റം ചെയ്യുവാനും ഇ-മെയിൽ , ചാറ്റ് പോലുള്ളവ ലഭ്യമാക്കുന്നു.ഈ സംവിധാനം കണ്ടുപിടിച്ചത് ക്ലീൻറോക്കും വിന്റൺ സെർഫും .

9B .FASNA

## കാലാവസ്ഥാ വ്യതിയാനം



കാലാവസ്ഥാ വ്യതിയാനം മൂലം സമുദ്രങ്ങളിൽ ഒക്സിജന്റെ അളവ് കുറയുന്നു.അന്തരീക്ഷത്തിലെ ചൂട് കൂടുന്നതിനാലാണ് ഓക്സിജന്റെ അളവ് കുറയുന്നത് ഇത് മത്സ്യങ്ങൾ അടക്കമുള്ള സമുദ്രജീവികളുടെ നിലനിൽപ്പിന് വലിയ ഭീഷണിയാണ് സൃഷ്ടിക്കുന്നത് ആയിരത്തോളം സമുദ്രഭാഗങ്ങളിൽ നടത്തിയ ഗവേഷണത്തിൽ 700 സമുദ്രഭാഗങ്ങളിലും ഓക്സിജന്റഅളവ് കുറയുന്നതായാണ് ഗവേഷകർകണ്ടെത്തിയത് രാസവളങ്ങൾക്രമാതീതമായി കടലിലേക്ക് ഒഴുകുന്നതു മൂലമുണ്ടാകുന്ന ജലമലിനീകരണവും കാലാവസ്ഥവ്യതിയാനവുമാണ് സമുദ്രത്തിലെ ഓക്സിജന്റെ അളവുകുറയാൻ കാരണം.ആകോളതാപനത്തിന്റെ ഫലമായുണ്ടാകുന്ന ചൂട് പ്രധാനമായും ആകിരണം ചെയ്യുന്നത് സമുദ്രങ്ങളാണ്.ഇതോടെ ചൂട് കൂടുന്ന സമുദ്രങ്ങളുടെ ഓക്സിജൻ സംഭരണശേഷി കുറയുന്നു.ചില സമുദ്രഭാഗങ്ങളിൽ ഓക്സിജന്റെ അളവ് 40 ശതമാനം വരെ കുറയാൻ കാരണമായിട്ടുണ്ടെന്ന പഠനം പറയുന്നു.

**NEEHAR.V.T 9B**


കാൽപന്തിന്റെ രാജാവ്

# മിശിഹ





AJZAL K 9B

1987 ജൂൺ 24-ന് ഫുട്ബോളിന്റെ രാജകുമാരൻ സാക്ഷാൽ ലയണൽ മെസ്സിയെ ലോകത്തിന് ദൈവം വരദാനമായിനൽകി.അതെ 'ലയണൽ ആന്ദ്രേ മെസ്സി കുറ്റിത്തീനി'.സ്പാനിഷ് പൗരത്വമുള്ള താരമാണ് മെസ്സി.1994-2000 വരെ മെസ്സി 'ന്യൂവെൻസ് ഓൾഡ് ബോയ്സ് ' എന്ന റൊസാരിയൻ ക്ലബ്ബിന്



വേണ്ടിയാണ് ആദ്യമായി ബൂട്ടണിഞ്ഞത്.ശേഷം വലുപ്പ കുറവ് ഉണ്ടാകുന്ന രോഗം പിടിപെടുകയും തന്റെ ഓപ്പറേഷന് ഉള്ള ചിലവ് നൽകാൻ കഴിഞ്ഞില്ല. മെസ്സിയുടെ കഴിവ് കണ്ട് അമ്പരന്ന ബാഴ്സ 2001 ൽ ടീമിലെടുത്തു.ഓപ്പറേഷന് വേണ്ടി ചെലവ് ചെയ്ത് കൊടുക്കുകയും ചെയ്തു.അന്ന് മെസ്സിയുടെ കരാർ ഒപ്പിട്ടത് കയ്യിൽ കിട്ടിയ ഒരു





കർചീഫിലായിരുന്നു.ഇത് പിന്നീട് മാഞ്ഞ്പോവാതിക്കാനായിരുന്നു അങ്ങനെ ചെയ്തത്.പിന്നെ ഉള്ള കാലം

മെസ്സിയുഗമായിരുന്നു.6 'ബാലൻ ഡി ഓർ' പുരസ്കാരവും,6'ഗോൾഡൻ ബൂട്ട്' മുള്ള ഏക താരമാണ് മെസ്സി.അർജൻന്റീന നാഷണൽ ടീമിന് വേണ്ടി 'ഒളിംപിക് ഗോൾഡൻ മെഡലും' 'ഫിഫ U-20 world cup ' നേടികൊടുക്കുകയും ചെയ്തു.ബാഴ്സക്ക് വേണ്ടി 5 തവണ 'ലാലീഗ ചാപ്യൻ ഷിപ്പും' 'സ്പാനിഷ് സൂപ്പർ കപ്പും' നേടികൊടുത്തു.3 തവണ യുവേഫ ചാപ്യൻസ് ലീഗും യുവേഫ സൂപ്പർ കപ്പും നേടികൊടുത്തു.ഓരോ തവണയായ് 'ഫിഫ ക്ലബ്ബ് ലോകകപ്പും' 'കോപ്പ ദെ റെയും'നേടികൊടുത്തു. മെസ്സിഇപ്പോഴും അർജന്റീന നാഷണൽ ടീമിന്റെയും ബാഴ്സലോണയുടെയും ക്യാപ്റ്റനായ് തുടരുന്നു.

വരകൾ


# വരകൾ

SHAHANA 9B










shahana Thesni-E
IX-B





Smrithi. O.T. IX.B










Shahana Thesni-E
IX-B




Rijisha.A.K
IX.B




IX·B




Rijisha A K
IX B




Rijisha.A

## *Thanks to*

- *Sri M.V.Anilkumar PTA President*
- *Sri Jude Louise Principal GJHSS Naduvattam*
- *Sri T.M.Vikraman Headmaster GJHSS Naduvattam*
- *Sri Shamsudheen K K KITE Master*
- *Smt Dhanya KS Kite mistress*
- *PTA Committee*
- *Teaching staff and office staff*



*little kites members 2018-20*